I ഇ.ബി. XV- കേരള നിയമസഭ/XI-17

## പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ജൂലൈ 9, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

70(*481) സ്റ്റാർട്ട് അപ്പ് വില്ലേജ്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, നിക്ഷേപവും നവീന ആശയങ്ങളും വളർത്തിയും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിച്ചും കേരളത്തെ മികച്ച വികസിത സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും കേന്ദ്ര സർക്കാരിന്റെ സംസ്ഥാന സ്റ്റാർട്ടപ്പ് റാങ്കിംഗിൽ 2018-2020 വർഷങ്ങളിൽ ടോപ് പെർഫോർമറായും 2022-ൽ ബെസ്റ്റ് പെർഫോർമറായും കേരളത്തെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കേരള സ്റ്റാർട്ടപ്പ് മിഷൻ മുഖേന നടപ്പിലാക്കിവരുന്ന യുവ സംരംഭകത്വ വികസന പദ്ധതി,

ടെക്നോളജി ഇന്നവേഷൻ സോൺ എന്നിവയിലൂടെ സംസ്ഥാനത്ത് മികച്ച സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സൃഷ്ടിക്കുന്നതിന് സാധിക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ വായ്പാ പദ്ധതികളായ സീഡ് ഫണ്ട് അസിസ്റ്റൻസ് പദ്ധതിയിലൂടെ വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ സംരംഭങ്ങൾക്ക് ഇരുപത്തഞ്ചുലക്ഷം രൂപയും സ്കെയിൽ അപ്പ് സപ്പോർട്ട് പദ്ധതിയിലൂടെ ഒരു കോടി രൂപവരെയും ധനസഹായം അനുവദിക്കുന്നുണ്ട്. കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് കെ.എസ്.ഐ.ഡി.സി. നടത്തിയ സ്കെയിൽ അപ്പ് കോൺക്ലേവിൽ ലഭ്യമായ നിർദ്ദേശങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. കെ.എസ്.ഐ.ഡി.സി. 121 സ്റ്റാർട്ടപ്പുകൾക്ക് 24.48 കോടി രൂപ വായ്പ അനുവദിച്ചതിൽ 27 സ്റ്റാർട്ടപ്പുകൾ വായ്പ പൂർണ്ണമായും തിരിച്ചടച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള 5522 സ്റ്റാർട്ടപ്പുകളിലൂടെ 5500 കോടി രൂപയുടെ നിക്ഷേപവും 55000-ലധികം തൊഴിലവസരങ്ങളും ലഭ്യമായിട്ടുണ്ട്. സാമ്പത്തിക-സാമൂഹിക-ആരോഗ്യ-വിദ്യാഭ്യാസ-വിവര സാങ്കേതിക മേഖലകളിൽ ആരംഭിച്ച സ്റ്റാർട്ടപ്പുകൾ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സംരംഭകത്വം സിലബസിന്റെ ഭാഗമാക്കിയിട്ടുണ്ടെന്നും കേരള സ്റ്റാർട്ടപ്പ് മിഷൻവഴി സ്റ്റാർട്ടപ്പുകൾക്ക്

നൽകിയ മൂലധനത്തിന്റെ 3.79 ഇരട്ടി വളർച്ച നേടാൻ സാധിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സ്റ്റാർട്ടപ്പുകൾക്ക് മാർക്കറ്റിംഗിനായി പി.ക്യൂ. നിബന്ധനകളിൽ ഇളവുകൾ അനുവദിക്കുന്നുണ്ട്. ഐ.ടി. അധിഷ്ഠിത സംരംഭത്തിന്റെ ആനുകൂല്യം ഐ.ടി. ഇതര സംരംഭങ്ങൾക്കും നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ജില്ലാ കേന്ദ്രങ്ങളിൽ എം.എസ്.എം.ഇ. ക്ലിനിക്കുകളും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, ജി.എസ്.ടി. റിട്ടേൺ എന്നിവ തയ്യാറാക്കുന്നതിനായി ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെ സേവനം ഉറപ്പാക്കി സൗജന്യ ക്ലിനിക്കുകളും ആരംഭിച്ചിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ സംരംഭക സഭകൾ സംഘടിപ്പിക്കുമെന്നും പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി വ്യാവസായികാവശ്യങ്ങൾക്ക് ശാസ്ത്രീയമായി വിനിയോഗിക്കുമെന്നും കെ.എസ്.ഐ.ഡി.സി.-യിൽ നിലവിലുള്ള വിഭവശേഷിക്കുപുറമെ ഓരോ മേഖലയിലും വൈദഗ്ധ്യമുള്ളവരുടെ സേവനം ലഭ്യമാക്കുമെന്നും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ഒരു പുതിയ ടീമിനെ ചുമതലപ്പെടുത്തുമെന്നും കോമൺ വർക് സ്പേസുകൾക്ക് ആവശ്യമായ പിന്തുണ നൽകുമെന്നും മേഡ് ഇൻ കേരള ബ്രാൻഡ് എന്ന ആശയം ഘട്ടംഘട്ടമായി നടപ്പാക്കുമെന്നും ഉപചോദ്യങ്ങൾക്ക്

മറുപടിയായി മന്ത്രി അറിയിച്ചു.

71(*482) കേരളാ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, കേരളാ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 48 ഇനം വായ്പകൾക്കുപുറമേ കെ.ബി. വ്യാപാർ മിത്ര ലോൺ, കെ.ബി. വ്യാപാർ മിത്ര പ്ലസ് ലോൺ, കെ.ബി. മെഷിനറി ലോൺ, കെ.ബി. വർക്കിംഗ് ക്യാപ്പിറ്റൽ ലോൺ, കെ.ബി Fish Transport Vehicle Loan, KB- Fish Culture in Floating Cages ലോൺ, KB-Home Stay Loan, KB Car Loan തുടങ്ങിയ പുതിയ വായ്പാ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. ഭവന വായ്പാ പരിധി 75 ലക്ഷം രൂപയായി വർദ്ധിപ്പിച്ചത് ബാങ്കിന്റെ ബിസിനസ് വർദ്ധിക്കുന്നതിന് സഹായകരമാകും. നബാർഡിന്റെ റേറ്റിംഗ് 25 ലക്ഷത്തിൽ അധികം വരുന്ന വ്യക്തിഗത വായ്പകളെ മാത്രമാണ് ബാധിക്കുന്നതെന്നതിനാൽ ബാങ്കിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുകയില്ലെന്ന് മാത്രമല്ല 2023-24 സാമ്പത്തിക വർഷം 209 കോടി രൂപയുടെ പ്രവർത്തനലാഭം നേടുകയും ചെയ്തിട്ടുണ്ട്. കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുകയും RTGS/NEFT/UPI,

മൊബൈൽ ബാങ്കിംഗ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുകയും പ്രൈമറി സംഘങ്ങളുമായി ബന്ധിപ്പിക്കുന്ന സോഫ്റ്റ്‌വെയറിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങൾ 2023-24 സാമ്പത്തിക വർഷം നിക്ഷേപ സമാഹരണത്തിലൂടെ 1208 കോടി രൂപ സമാഹരിച്ചിട്ടുണ്ടെന്നും സംഘങ്ങളെ സഹായിക്കുന്നതിന് നിക്ഷേപ ഗ്യാരന്റി സ്കീം വ്യവസ്ഥകൾ ഭേദഗതി ചെയ്ത് തുക അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും യുവസംരംഭകർക്കായി മുപ്പതോളം സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

72(*483) <u>സാമ്പത്തിക പ്രയാസം മറികടക്കുന്നതിന് പാക്കേജ്</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനം അഭിമുഖീകരിക്കുന്ന ധനഞെരുക്കം മറികടക്കുന്നതിന് 24000 കോടി രൂപയുടെ പ്രത്യേക പാക്കേജ് 2024-25 മുതൽ 2 വർഷത്തേക്ക് ഷെഡ്യൂൾ ചെയ്ത് കേന്ദ്ര ബഡ്ജറ്റിൽ അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയ്ക്കിടയിലും തനതു നികുതി/നികുതിയേതര വരുമാനത്തിൽ വളർച്ച കൈവരിക്കാനും

സാമൂഹ്യ-ക്ഷേമ-വികസന ചെലവുകൾക്ക് ഊന്നൽ നൽകാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ, കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടനയിൽ വരുത്തിയ ഭേദഗതി, കേന്ദ്രധന കൈമാറ്റത്തിൽ വരുത്തിയ കുറവ്, ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയത്, കടമെടുപ്പിൽ വരുത്തിയ വെട്ടിക്കുറവ് എന്നിവമൂലം സംസ്ഥാനം ധന ഞെരുക്കത്തിലായ ഘട്ടത്തിലും നീതി ആയോഗിന്റെ മാനവ വിഭവശേഷി സൂചികകളിലും സുസ്ഥിര വികസന ലക്ഷ്യങ്ങളിലും അഭിമാനകരമായ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 'കോർ ഓഫ് ദ കോർ' ഗണത്തിൽപ്പെടുത്തിയ പദ്ധതികളുടെ എണ്ണം കുറച്ചതും ഭൂരിഭാഗം കേന്ദ്രാവിഷ്കൃത പദ്ധതികളും 'കോർ' ഗണത്തിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തിന് അധിക ബാധ്യത ഉണ്ടാക്കുന്നതിനാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ വരുത്തിയ മാറ്റം പുന:അവലോകനം ചെയ്യണമെന്നും കോർ, ഓപ്ഷണൽ ഗണത്തിൽപ്പെട്ട പദ്ധതികളുടെ കേന്ദ്ര വിഹിതവും ഗതാഗത അടിസ്ഥാന സൗകര്യ വികസനം, നഗര അടിസ്ഥാന സൗകര്യ വികസനം എന്നീ പദ്ധതികൾക്കുള്ള കേന്ദ്ര ധനസഹായവും വർദ്ധിപ്പിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിനായി പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം മൂന്ന് വർഷംകൊണ്ട് 65 ശതമാനം വർദ്ധിച്ചിട്ടുണ്ടെന്നും വിവിധ മേഖലകളിൽ വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതവും കേന്ദ്ര സഹായവും നേടിയെടുക്കുന്നതിന് യോജിച്ച ശ്രമം നടത്തേണ്ടതുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

73(*484) <u>ചില്ലറ വ്യാപാര മേഖലയുടെ പുരോഗതി</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംസ്ഥാന വ്യവസായ നയം 2023-ന്റെ ഭാഗമായി ചില്ലറ വ്യാപാര മേഖലയെ മുൻഗണനാ മേഖലകളുടെ പട്ടികയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും പി.പി.പി മാതൃകയിൽ സംഭരണ ശാലകൾ, ഇ-ടെയിൽ സോണുകൾ തുടങ്ങിയവ സ്ഥാപിച്ച് ടി മേഖലയുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും

പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക ഡിവിഷനും വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കനുസൃതമായി നയങ്ങൾ നടപ്പാക്കാനും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാനുമായി കോമേഴ്സ് മിഷനും രൂപീകരിച്ചിട്ടുണ്ട്. ട്രേഡ് സെക്ടർ ഉൾപ്പെടെയുള്ള സംരംഭങ്ങളുടെ ലൈസൻസ് സംബന്ധിച്ച സേവനങ്ങൾ SWCB (Single Window Clearance Board)-യുടെ പരിധിയിൽ ഉൾപ്പെടുത്തിയതിലൂടെ KSWIFT പോർട്ടൽ വഴി ലൈസൻസും മറ്റ് അനുബന്ധ വകുപ്പുകളുടെ അനുമതികളും കരസ്ഥമാക്കാവുന്നതാണ്. എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം, തദ്ദേശ സ്ഥാപനതലത്തിൽ ഹെൽപ്പ് ഡെസ്കുകൾ, എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്റർ, MSME ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയ സേവനങ്ങൾക്കുപുറമെ OFOE പദ്ധതിയിലൂടെ ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവും MSME-കളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ജില്ല/സംസ്ഥാന തലങ്ങളിൽ അവാർഡുകളും നൽകിവരുന്നുണ്ട്. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക

സഹായങ്ങൾക്കുപുറമെ ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പ് പ്രവർത്തിച്ചുവരുന്നു. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ സംരംഭക ആശയം പകർന്നുനൽകുന്നതിനുമായി നൈപുണ്യ വികസന പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നുണ്ട്. GOT (General Orientation Training), സംരംഭക ബോധവൽക്കരണ പ്രോഗ്രാം (EAP), സംരംഭകത്വ വികസന പരിശീലനം (EDP), നിക്ഷേപക സംഗമം, ടെക്നോളജി ക്ലിനിക് (TC), ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാം (TMDP), മെഷിനറി എക്സിബിഷൻ എന്നിവയിലൂടെ സംരംഭകർക്ക് പ്രോത്സാഹനം നൽകുകയും മാറിവരുന്ന സാഹചര്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിനുമാവശ്യമായ സാഹചര്യം ഒരുക്കുകയും ചെയ്യുന്നുണ്ട്. ചില്ലറ വ്യാപാര മേഖല പലതരം വെല്ലുവിളികൾ നേരിടുന്ന സാഹചര്യത്തിൽ പുതിയ വാണിജ്യനയം രൂപീകരിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടെന്നും പി.എം.ഇ.ജി.പി. പദ്ധതിപ്രകാരമുള്ള വായ്പ ലഭ്യമാക്കുന്നതിന് ഇടപെടൽ നടത്തിയിട്ടുണ്ടെന്നും സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ ചില്ലറ വ്യാപാര മേഖലയ്ക്കും ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യവസായ വകുപ്പ് ഡയറക്ടറേറ്റിലും

സെക്രട്ടേറിയറ്റിലും നിലവിലുള്ള ജീവനക്കാരെ വിന്യസിച്ചുകൊണ്ട് വാണിജ്യ മേഖലയ്ക്ക് പ്രത്യേക സെക്ഷൻ ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

74(*485) കേരള ബാങ്കിന്റെ റേറ്റിംഗ്

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, നബാർഡ് കേരള ബാങ്കിന്റെ റേറ്റിംഗിൽ വരുത്തിയ മാറ്റം വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണെന്നും റേറ്റിംഗ് വ്യത്യാസം 25 ലക്ഷത്തിലധികം വരുന്ന വ്യക്തിഗത വായ്പകൾക്കുമാത്രം ബാധകമായതിനാൽ ബാങ്കിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കില്ലെന്നും സഭയെ അറിയിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ കേരളാ ബാങ്കിന് 209 കോടി രൂപ ലാഭം നേടാൻ സാധിച്ചിട്ടുണ്ട്. MSME, LT Agriculture, സ്വർണ പണയ വായ്പ, ഭവന വായ്പ, സംഘം വായ്പകൾ എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ട് പ്രവർത്തനലാഭം കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്. നബാർഡ് റേറ്റിംഗിൽ വരുത്തിയ മാറ്റം ബാങ്കിന്റെ വിവിധ വായ്പകളെ ബാധിക്കില്ലെന്ന് മാത്രമല്ല ചെറുകിട സംരംഭ വായ്പയ്ക്ക് നിലവിൽ നൽകിവരുന്ന വായ്പാ തോതനുസരിച്ച് വായ്പ നൽകുന്നതിനും തടസ്സം ഉണ്ടാകില്ല. വ്യാപാർ

ലോണുകൾ, KB Machinery വായ്പകൾ, KB Homestay ലോണുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ലോണുകൾ എന്നിവ നല്കുന്നതിലൂടെ വായ്പാ portfolio-യിൽ മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്. തൻവർഷം കാർഷിക വായ്പകൾ നിലവിലുള്ള മൊത്തം വായ്പകളുടെ 30 ശതമാനമായി വർദ്ധിപ്പിക്കുന്നതിനും 6000 കോടി രൂപയുടെ മൊത്തം വായ്പാ വർദ്ധനവും ബാങ്ക് ലക്ഷ്യമിടുന്നുണ്ട്. നബാർഡ് ചൂണ്ടികാണിച്ച ന്യൂനതകൾ പരിഹരിച്ച് റേറ്റിംഗ് മെച്ചപ്പെടുത്താനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തിവരികയാണ്. കേരള ബാങ്കിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനും മൊറട്ടോറിയം, വൺ ടൈം സെറ്റിൽമെന്റ് എന്നിവമൂലം പ്രാഥമിക സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**അടിയന്തര ചോദ്യം നം.1**

**പി.എസ്.സി പരീക്ഷയ്ക്ക് കൺഫർമേഷൻ കൊടുക്കാൻ കഴിയാത്തവർക്ക് അവസരം നൽകാൻ നടപടി**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, വിവിധ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള പരീക്ഷകൾക്ക് തിരുവനന്തപുരം ജില്ലയിലെ ഉദ്യോഗാർത്ഥികൾക്ക്

22-04-2024 മുതൽ 11-05-2024 വരെയും ആഗസ്റ്റ് മാസം പരീക്ഷ നടക്കുന്ന ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് 23-05-2024 മുതൽ 11-06-2024 വരെയും കൺഫർമേഷൻ സമർപ്പിക്കാൻ അവസരമുണ്ടായിരുന്നുവെന്നും പ്രസ്തുത കാലയളവിൽ പി.എസ്.സി. ഓൺലൈൻ പോർട്ടലിന് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായിരുന്നില്ലെന്നും ആറ് ജില്ലകളിലായി 36664 പേർ കൺഫർമേഷൻ നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 2024 ജൂലൈ 27-ന് തിരുവനന്തപുരത്തും ആഗസ്റ്റ് 17-ന് കൊല്ലം, കണ്ണൂർ ജില്ലകളിലും ആഗസ്റ്റ് 31-ന് പത്തനംതിട്ട, തൃശ്ശൂർ കാസർഗോഡ് ജില്ലകളിലും പരീക്ഷ നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. കൺഫർമേഷൻ നൽകേണ്ട ജില്ലകളിൽ ഉദ്യോഗാർത്ഥികൾക്ക് പ്രയാസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.